പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.370

01.12.2015-ൽ മറുപടിയ്ക്ക്

## മീറ്റർ റീഡിംഗ്

ചോദ്യം

ശ്രീ.എ.കെ.ബാലൻ

ശ്രീ.രാജു എബ്രഹാം

ശ്രീ.സാജു പോൾ

ശ്രീ.കെ.കെ.നാരായണൻ

ഉത്തരം

ശ്രീ..ആര്യാടൻ മുഹമ്മദ്

ഊർജ്ജ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് എടുക്കുന്നതിന് കഴിയാതെ വന്നാൽ പിഴ ഈടാക്കുന്നതിന് തീരുമാനം എടുക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനം എടുത്ത സാഹചര്യം വിശദമാക്കുമോ; | (എ) | ഉണ്ട്. വൈദ്യുതി വിതരണവും നിരക്കും സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ചാർജ്ജുകൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 01.07.2015-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ചട്ടത്തിന്റെയും ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ബോർഡ് തീരുമാനം എടുത്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത തീരുമാനം പിൻവലിച്ചുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ തൽക്കാലം നിർത്തിവെക്കപ്പെട്ടിട്ടുള്ള പ്രസ്തുത നിർദ്ദേശം പൂർണ്ണമായി പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | തീരുമാനം താൽക്കാലികമായി മരവിപ്പിച്ചിട്ടുണ്ട്. റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ചട്ടത്തിന്റെയും, ഉത്തരവിന്റെയും അടിസ്ഥാനത്തിൽ എടുത്ത തീരുമാനമായതിനാൽ ഇത് പൂർണ്ണമായി പിൻവലിക്കുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ